(സി) 1955-56-ൽ നാളിതുവരെ 51 അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക 1,26,300 രൂപയാണ്.

(ഡി) ഉടൻവായ്പ അനുവദിച്ചാൽ ബാങ്കിലേയ്ക്കുള്ള പണയാധാരം എഴുതി രജിസ്റ്ററാക്കി വാങ്ങിക്കുന്നതും പണം ഉടൻതന്നെ കൊടുക്കുന്നതുമാണ് സാധാരണ പതിവ്. എന്നാൽ ബാങ്കിലേയ്ക്കു ഗവണ്മെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് സംഖ്യ തീർന്നുപോയതിനാലും ഡിബഞ്ചർ കടം എടുക്കുന്നതിനു ചില സാങ്കേതികനടപടിക്രമങ്ങൾ കാലതാമസം നേരിടുന്നതിനാലും അനുവദിച്ച കടം കൊടുക്കുന്നതു് തൽക്കാലം നിറുത്തിവച്ചിരിക്കുകയായിരുന്നു. അടുത്ത അവസരത്തിൽ ഒരു ലക്ഷം രൂപകൂടി ബാങ്കിനു ഓവർഡ്രാഫ്റ്റ് അനുവദിച്ചിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 19-10-1955.

ഹരിജനവിദ്യാർത്ഥികളുടെ പ്രാരംഭഫീസ്.

* 930. [42] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുക്ലാസുകളിലേയ്ക്ക് പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്കു പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറിൽനിന്നും കല്പനയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പന പാസ്സാക്കിയതു് എന്നാണ്;

(സി) ഇക്കൊല്ലവും കോളേജുകളിൽ ഈ ഫീസ് ഹരിജൻവിദ്യാർത്ഥികളിൽനിന്നും വാങ്ങുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കോളേജുക്ലാസുകളിൽ പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്ക പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറ് കല്പന പാസ്സാക്കിയിട്ടുണ്ട്.

(ബി) ഈ കല്പന പാസ്സാക്കിയതു് 1-6-1950-ലാണ്. സ്കൂളുകളിലും കോളേജുകളിലും പിന്നാക്കസമുദായവിദ്യാർത്ഥികളിൽ നിന്നു പ്രവേശനഫീസ് ഇടാക്കരുതെന്നു കാണിച്ചു് 6-6-1955-ൽ ഒരു പ്രസ്സ് നോട്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഡി) ഇതേപ്പറ്റി അന്വേഷിച്ചുവരുന്നു.

പോലീസ്മർദ്ദനം.

* 931. [46] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കടയ്ക്കൽബസ്സിലെ ചെക്കറായ ശ്രീ. ഗോവിന്ദപ്പിള്ളയെ 28-9-1955-ൽ കൊല്ലം ടൗൺപോലീസ് സബ്ഇൻസ്പെക്ടർ ശ്രീ. കരുണാകരക്കുറുപ്പ് ബസ്സിൽനിന്നും പിടിച്ചിറക്കി സ്റ്റേഷനിൽകൊണ്ടുപോയി മർദ്ദിച്ചതായി ഗവണ്മെൻറിനു് പരാതി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം ഡിസ്പെൻസറിയിൽ പ്രവേശിപ്പിക്കപ്പെട്ട മർട്ടനമേറ ചെക്കറെ പരിശോധിച്ച ഡാക്ടർമാരുടെ അഭിപ്രായമെന്താണ്;

(സി) ഈ പരാതിയെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിയോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഇല്ല. ഐ. ജി.ക്ക് ഇതുസംബന്ധിച്ചു പരാതികിട്ടിയിട്ടുണ്ട്.

(ബി) മെഡിക്കൽ പരിശോധനയിൽ ചെക്കറുടെ ശരീരത്തിൽ കാണപ്പെട്ട പരുക്ക് ഏതെങ്കിലും കട്ടപ്പുമുള്ള വസ്തുവിൽ തട്ടിയതിനാൽ ഉണ്ടായതാകാമെന്നു് ആയിരുന്നു.

(സി) പരാതിയെപ്പറ്റി ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

STARRED QUESTIONS POSTED FOR ANSWER ON 21-11-1955

നദീജലം.

* 932. [23] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹ്യാദ്രിയിൽനിന്നുത്ഭവിച്ചു് അറബിക്കടലിലേക്കു് നിഷ്പ്രയോജനമായി ഒഴുകി മറിയുന്ന നമ്മുടെ രാജ്യത്തെ നദീജലസമൃദ്ധിയും ഒരു നിഷ്കൃഷ്ടമായ സർവ്വേയ്ക്കു് വിധേയമാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ ഏതെല്ലാം നദിയും ഇതിനകം അണക്കെട്ടുകൾക്കു് വിധേയമാക്കപ്പെട്ടിട്ടുണ്ടു്; രണ്ടാം പഞ്ചവത്സര പദ്ധതിയനുസരിച്ചു് കൂടുതലായി ഏതെല്ലാം നദികളെ തടഞ്ഞുനിറുത്താൻ പ്ലാനുണ്ടു്;

(സി) ഇവയിലേതെങ്കിലും നദികളെ മദ്രാസ് ഗവണ്മെൻറ് അണക്കെട്ടിനു് വിധേയമാക്കാൻ രണ്ടാം പഞ്ചവത്സരപദ്ധതിയിലൂടെ പ്ലാനിട്ടിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) അപ്രകാരം ഒരു സർവ്വെ നടത്തുന്നതിനു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ബി) ഇപ്പോൾ ഉപയോഗം നിർദ്ദേശിച്ചുവരുന്നതുമായ അണക്കെട്ടുകൾ:—

1. കോതയാർ (കോതയാർ ഡാം)
2. പറളിയാർ (പെരിഞ്ചാണി ഡാം)
3. നെയ്യാർ
4. ചാലക്കുടി
5. മണലി (പീച്ചി ഡാം)
6. വടക്കാഞ്ചേരി (വാഴാനി ഡാം)
7. മുതിരപ്പുഴ (പള്ളിവാസൽപദ്ധതി)

LIBRARY ARCHIVES Kerala Legislative Assembly